LIBRARY ARCHIVES Kerala Legislative Assembly

എല്ലാ സർക്കാർ ഉദ്യോഗസ്ഥരുടെയും നെയിംബോർഡ് സ്ഥാപിക്കുന്നതിന് നടപടി

2 (7558) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന ആളുകളോട് ഉദ്യോഗസ്ഥർ മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതേക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം പെരുമാറ്റം ഒഴിവാക്കാൻ, എല്ലാ ഉദ്യോഗസ്ഥരുടെയും പേരും സ്ഥാനപ്പേരും ഫോൺനമ്പരും ഉള്ള നെയിംബോർഡുകൾ അവരവരുടെ ടേബിളുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതാണ്.

ആരാധനാലയങ്ങളിലെ ഭരണസമിതിയിൽ ഭാരവാഹിത്വമുള്ള കേന്ദ്ര-സംസ്ഥാന ജീവനക്കാർ

3 (7559) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മതക്കാരുടെ ആരാധനാലയങ്ങളിൽ കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് അതിന്റെ ഭരണസമിതിയിൽ ഭാരവാഹിത്വം പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ആരാധനാലയങ്ങളിൽ കേന്ദ്ര സംസ്ഥാന ജീവനക്കാർ ഭാരവാഹിത്വം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) വിവിധ മതക്കാരുടെ ആരാധനാലയങ്ങളുടെ ഭരണ സമിതിയിൽ സർക്കാർ ജീവനക്കാർക്ക് ഭാരവാഹിത്വം പാടില്ല എന്ന് സർക്കാർ ഉത്തരവ് നിലവിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.